# <u>വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്</u>

## കോവിഡ്
## 19 പ്രതിരോധ പ്രവർത്തനങ്ങൾ

### <u>പ്രധാന പ്രവർത്തനങ്ങൾ</u>

- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസും ഗ്രാമപഞ്ചായത്തുകളും പൂർണ്ണമായി ഡിജിറ്റലൈസിംഗ് മെക്കാനിസത്തിലൂടെ - ജില്ലയിലെ 413 വാർഡുകളിലും വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് പഞ്ചായത്ത് തല വാട്സാപ്പ് ഗ്രൂപ്പിലേയ്ക്ക് വാർഡുകളിലെ ക്വാറന്റയിൽ ആളുകളുടെ വിവരങ്ങളും മറ്റ് പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും അവതരിപ്പിക്കുകയും പഞ്ചായത്ത് തല ഗ്രൂപ്പിൽ കോ-ഓർഡിനേറ്റ് ചെയ്യുകയും അത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് മോണിറ്റർ ചെയ്യുകയും ചെയ്യുന്നു.

## പ്രതിരോധത്തിലും കർമനിരതരായി പഞ്ചായത്ത് ജീവനക്കാർ

കല്പറ്റ ● കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തിന് പിന്തുണയുമായി പഞ്ചായത്ത് ജീവനക്കാരും കർമനിരതരാണ്. വാർഡുകളിലെ ജാഗ്രതാസമിതി മുതൽ സാമൂഹിക അടുക്കളയുടെ പ്രവർത്തനങ്ങളിൽ വരെ സക്രിയമാണ് ജീവനക്കാരെല്ലാം. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ വാർഡിനും അതത് പഞ്ചായത്തുകളിൽനിന്ന് പ്രത്യേകം ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്.

ആദ്യപടിയായി 413 വാർഡുകളിലെ രോഗപ്രതിരോധ പ്രവർത്തകരെ ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങി. വാർഡുകളിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന നിർദേശങ്ങളും ആവശ്യങ്ങളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഹെൽപ് ഡെസ്ക് വഴി ജില്ലാ ഭരണകൂടത്തിന് കൈമാറി പ്രശ്നപരിഹാരം സാധ്യമാക്കുന്നു. ഇതിനായി ഡിജിറ്റൽ പ്ലാറ്റ്ഫോം മോണിറ്ററിങ് രീതിയാണ് അവലംബിക്കുന്നത്. ജില്ലാ ഭരണകൂടവും സർക്കാരും ആവശ്യപ്പെടുന്ന വിവരങ്ങൾ ശേഖരിക്കുന്നതും പഞ്ചായത്ത് തലത്തിലെ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയാണ്.



● ഹെൽപ് ഡെസ്ക് ഓഫീസിൽ കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന പഞ്ചായത്ത് വകുപ്പ് ജീവനക്കാർ

സാമൂഹിക അടുക്കളയുടെ വിവരങ്ങൾ, അതിഥി തൊഴിലാളികൾ, തെരുവോരങ്ങളിൽ കഴിയുന്നവർ, എസ്.സി, എസ്.ടി എന്നീ വിഭാഗങ്ങൾക്ക് ഭക്ഷണം, ഭക്ഷ്യകിറ്റ് നൽകൽ, കുടുംബശ്രീയുമായി ചേർന്ന് പ്രാദേശിക കർഷകരുടെ പച്ചക്കറി ശേഖരിച്ച് സമൂഹ അടുക്കള വഴി ലഭ്യമാക്കൽ എന്നിവയും പഞ്ചായത്ത് ജീവനക്കാരുടെ നേതൃത്വത്തിൽ നടക്കുന്നു. ക്വാറന്റയിനിൽ കഴിയുന്നവരുടെ വിവരങ്ങൾ, ജില്ലയ്ക്ക് പുറത്തുനിന്ന് പുതുതായി വരുന്നവരുടെ നിരീക്ഷണം, വ്യക്തിശുചിത്വം സംബന്ധിച്ച് ബോധവത്കരണം, സന്നദ്ധ പ്രവർത്തകരുടെ പട്ടിക, കൊറോണ കെയർ സെന്ററുകളുടെ നടത്തിപ്പ് തുടങ്ങിയ പ്രവർത്തനങ്ങളും ഇവരുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

ജില്ലയിൽ 6156 അതിഥി തൊഴിലാളികൾക്കാണ് ഗ്രാമപ്പഞ്ചായത്തുകൾവഴി ഭക്ഷണം നൽകുന്നത്. 2825 തൊഴിലാളികൾക്ക് 15 ദിവസത്തേക്കുള്ള ഭക്ഷണക്കിറ്റും വിതരണം ചെയ്തു.

221 പേർക്ക് സാമൂഹിക അടുക്കള വഴി പാകംചെയ്ത ഭക്ഷണവും 3109 പേർക്ക് കരാറുകാർ, പ്രായോജകർ മുഖേനയുമാണ് ഭക്ഷണത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ആവശ്യമുള്ളവർക്ക് പാകം ചെയ്ത ഭക്ഷണം സൗജന്യമായും നൽകുന്നു. നിരീക്ഷണത്തിൽ കഴിയുന്നവർക്കും പഞ്ചായത്തുകൾതോറും സജ്ജീകരിച്ചിട്ടുള്ള കോവിഡ് കെയർ സെന്ററുകളിലുള്ളവർക്കും അവശ്യസാധനങ്ങൾ, ഭക്ഷണം എന്നിവ പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഉറപ്പുവരുത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 82,186 പേർക്ക് ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹിക സേവന പെൻഷനുകൾ വിതരണം ചെയ്തു.

2020 ഏപ്രിൽ വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണവും ഉടൻ പൂർത്തിയാക്കും. സാമൂഹിക അകലം പാലിച്ചുകൊണ്ട് പ്രതിരോധപ്രവർത്തനങ്ങൾ നടത്തേണ്ടതിനാൽ പഞ്ചായത്ത് സെക്രട്ടറിമാരുമായി കോൺഫറൻസ് വഴിയാണ് വിവരവിനിമയം നടത്തുന്നത്. ഇതിനിടയിൽ 23 പഞ്ചായത്തുകളും ബജറ്റ് പാസാക്കുകയും 2020-21 വർഷത്തെ വാർഷികപദ്ധതിക്ക് അംഗീകാരം നേടുകയും ചെയ്തു.

➢ എല്ലാ ദിവസവും സൂം വീഡിയോ കോൺഫറൻസ് വഴി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, ഡാറ്റാ എൻട്രി ചെയ്യുന്ന ജീവനക്കാർ എന്നിവരുമായി കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നുണ്ട്.



- ബഹു. പ്രിൻസിപ്പൽ സെക്രട്ടറി, ബഹു. പഞ്ചായത്ത് ഡയറക്ടർ എന്നിവർ ആവശ്യപ്പെടുന്ന വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ യഥാസമയം കൃത്യമായി രേഖപ്പെടുത്തുകയും ഡി.ഡി.പി ഓഫീസിൽ പ്രസ്തുത വിവരങ്ങൾ എളുപ്പത്തിൽ ദൃശ്യമാകുന്ന വിധത്തിൽ പ്രത്യേകം ഒരുക്കിയിട്ടുള്ള ബോർഡിൽ എല്ലാ ദിവസവും രേഖപ്പെടുത്തുകയും ചെയ്യുന്നു.



- പഞ്ചായത്ത് ഡെപ്യട്ടി ഡയറക്ടറാഫീസിൽ മുഴവൻ സമയ ഹെൽപ് ഡസ്ക്




- പഞ്ചായത്ത് ഓഫീസുകളുടെ മുഴവൻ സമയ പ്രവർത്തനം.



- പെസഹ വ്യാഴം ദുഃഖവെള്ളി ദിവസങ്ങളിലും തുറന്നു പ്രവർത്തിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്



പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ജില്ലാ ഭരണകൂടം, വിവിധ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ.

- മിൽമയുമായി സഹകരിച്ച് ആദിവാസികൾ, തോട്ടം തൊഴിലാളികൾ, അതിഥിതൊഴിലാളികൾ, വൃദ്ധർ കുട്ടികൾ എന്നിവർക്ക് പാൽ വിതരണം നടത്തിവരുന്നു.





- 6165  അതിഥി തൊഴിലാളികളിൽ 2900 പേർക്ക് ഗ്രാമപഞ്ചായത്തുകൾ വഴിയും 3065 പേർക്ക് കരാറുകാർ/സ്പോൺസർമാര വഴിയും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തും 200 പേർക്ക് കമ്മ്യൂണിറ്റി കിച്ചൻ വഴിയും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.



- കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം വിതരണം ചെയ്തു. 23 ഗ്രാമപഞ്ചായത്തുകളിലായി 27 കമ്മ്യൂണിറ്റി കിച്ചനുകൾ വഴി എല്ലാ ദിവസവും ഭക്ഷണം വിതരണം നടത്തുന്നുണ്ട്.



- ബഹു. വയനാട് എം.പി ശ്രീ. രാഹുൽ ഗാന്ധിയുടെ നമുക്കുമേലുള്ള കരുതലും സ്നേഹവുമായി ലഭ്യമാക്കിയ അരിയും, കടല, പയർ തുടങ്ങിയ ധാന്യങ്ങളും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും വിതരണം നടത്തി.






RECEIPT

Received 500 Kg Rice,50 Kg Bangal gram,50 Kg Green Gram from Rahul Gandhi,Honourable M.P,Wayananad Loksabha to the Disaster Relief Activities in Meenangadi Gramapanchayath.

08.04.2020

Meenangadi

Secretary
Meenangadi Grama Panchayat
Wayanad

- ജില്ലയ്ക്ക് പുറത്തുനിന്നും മരുന്നുവാങ്ങേണ്ട ആളുകൾക്കും ജില്ലയിൽ മരുന്ന് ആവശ്യമുള്ള ആളുകൾക്കും ആയത് വളണ്ടിയർമാർ വഴി മരുന്ന് വീട്ടിലെത്തിച്ചു നൽകുന്നതിനുള്ള സംവിധാനം ജില്ലാ ഭരണകൂടവുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വാട്സാപ്പ് ഗ്രൂപ്പുകൾ വഴി മരുന്നിന്റെ ആവശ്യവും പ്രിസ്ക്രിപ്ഷനും പഞ്ചായത്ത് സെക്രട്ടറിമാർ ലഭ്യമാക്കി ജില്ലാ കോവിഡ് സെന്ററിലേയ്ക്ക് നൽകുകയും പാവപ്പെട്ട ആളുകൾക്ക് സൗജന്യമായും പണം നൽകാൻ കഴിവുള്ളവരിൽനിന്നും വില ഈടാക്കിയും മരുന്നുകൾ പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ഫാർമസികളിൽ നിന്നും കളക്ട് ചെയ്ത് വളണ്ടിയർമാർ വഴി വീട്ടിലെത്തിച്ച് നൽകുന്നു.



- എല്ലാ ഗ്രാമപഞ്ചായത്തുകളിലും, പ്രത്യേകിച്ച് ഹോട്ട് സ്പോട്ടുകളിൽ ഫയർ ഫോഴ്സിന്റെ സഹകരത്തോടെ പൊതുയിട ശുചീകരണം നടത്തി.





➢ കമ്മ്യൂണിറ്റി കിച്ചണുകളിലേയ്ക്ക് ലോക്കൽ കർഷകരിൽ നിന്നും കൃഷിഭവനുകൾ വഴി പച്ചക്കറികൾ സംഭരിച്ച് എത്തിക്കുന്നതിന്റെ മേൽനോട്ട ചുമതല ഗ്രാമപഞ്ചായത്തുകളിലെ അസി. സെക്രട്ടറിമാർക്കാണ്.



- ഡിജിറ്റൽ പ്ലാറ്റ് ഫോമുകളായ കോവിഡ് ട്രാക്കർ, URL എന്നീ വെബ് പോർട്ടലിലേയ്ക്ക് ഭവനസന്ദർശനം നടത്തി വിവരങ്ങൾ ശേഖരിക്കുന്നു.



- സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലുള്ള തെരുവ് നായ്ക്കൾക്കും പക്ഷികൾക്കും, കുരങ്ങുകൾക്കും ഭക്ഷണവും വെള്ളവും നൽകിവരുന്നു.

